District Health & Family Welfare Society,
NHM, DPMU, 1st floor, Old Paediatric Ward,
District Hospital Compound
Palakkad - 678001.
Ph: 0491-2504695
e-mail:dpmpkd@gmail.com

നമ്പർ/ എൻ.എച്ച്.എം/എ1/3198/2013 തിയ്യതി :11.05.2018

## പ്രസിദ്ധീകരണത്തിന്

ദേശീയ ആരോഗ്യ ദൗത്യത്തിന്റെ കീഴിൽ പാലക്കാട് ജില്ലയിൽ താഴെപറയുന്ന തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി അപേക്ഷകൾ ക്ഷണിച്ചുകൊളളുന്നു.

1. **ഡയാലിസിസ് ട്രെയിൻഡ് സ്റ്റാഫ് നേഴ്സ്**

യോഗ്യത: ജി.എൻ.എം അല്ലെങ്കിൽ ബി.എസ്.സി നേഴ്സിംഗ്, കേരള നേഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷൻ നിർബന്ധം. ഡയാലിസിസ് യൂണിറ്റിൽ 01 വർഷത്തെ പ്രവർത്തി പരിചയം. സർക്കാർ ആശുപത്രികളിൽ പ്രവർത്തിച്ചവർക്ക് മുൻഗണന.

പ്രായം: 2018 ഏപ്രിൽ 1ന് 40 കവിയരുത്.

ശമ്പളം : 13900/- രൂപ.

നിർദ്ദിഷ്ഠ അപേക്ഷാഫോമിനൊപ്പം ഉദ്യോഗാർത്ഥികൾ വയസ്സ്, വിദ്യാഭ്യാസയോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും അയക്കണം. കവറിനു പുറത്ത് **"Application for the post of Dialysis Trained Staff Nurse** എന്ന് രേഖപ്പെടുത്തണം.

രജിസ്ട്രേഷൻ ആവശ്യമുള്ള തസ്തികകൾക്ക് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിച്ചിരിക്കണം. മാർക്ക് ഷീറ്റുകൾ സമർപ്പിക്കേണ്ടതില്ല. സർട്ടിഫിക്കറ്റുകൾ മാത്രം സമർപ്പിച്ചാൽ മതിയാകും. ബന്ധപ്പെട്ട മേഖലയിലെ പ്രവർത്തി പരിചയ സർട്ടിഫിക്കറ്റ് മാത്രം സമർപ്പിക്കുക. വിജ്ഞാപന തിയ്യതിക്കുള്ളിൽ ഉദ്യോഗാർത്ഥികൾ നിശ്ചിത യോഗ്യതകൾ മുഴുവൻ നേടിയിരിക്കേണ്ടതാണ്. നിശ്ചിത യോഗ്യത ഇല്ലാത്ത അപേക്ഷകൾ പരിഗണിക്കുന്നല്ല. യോഗ്യത സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കാത്തവരെ അയോഗ്യരായി കണക്കാക്കി തള്ളുന്നതാണ്. ആയത് സംബന്ധിച്ച് യാതൊരു കത്തിടപാടുകളും നടത്തുന്നതല്ല.

**അപേക്ഷ അയക്കേണ്ട വിലാസം District Programme Manager, NHM(Arogyakeralam), Ist Floor of Old Paediatric Ward, District Hospital Compound, Palakkad 678 001.**

അപേക്ഷ നേരിട്ട് സമർപ്പിച്ച് രശീത് കൈപ്പറ്റുകയോ അല്ലെങ്കിൽ രജിസ്ട്രേഡ് A/D ആയോ അയക്കേണ്ടതാണ്. അപേക്ഷ സ്വീകരിക്കുന്ന **അവസാന തിയ്യതി 21.05.2018 വൈകുന്നേരം 5 മണി വരെ. വൈകികിട്ടുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ഇതുമായി ബന്ധപ്പെട്ട് യാതൊരു കത്തിടപാടുകളും നടത്തുന്നതല്ല.**